## II അടിയന്തരപ്രമേയം.

### കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച

മി. സ്പീക്കർ: സ്വാഭാവിക റബ്ബറിന്റെ വിലയിടിവുമൂലം കേരളത്തിലെ 1.2 മില്യൺ റബ്ബർ കർഷകരുടേയും, തൊഴിലാളികളുടെയും ജീവിതം ദുരിതത്തിലാക്കിയിരിക്കുകയാണ്. ഇതുമൂലം സംസ്ഥാനത്തിന്റെ സമ്പദ്ഘടനതന്നെ താറുമാറായിരിക്കുകയാണ്. റബ്ബർ, നാളികേരം തുടങ്ങിയ നാണ്യവിളകളുടേയും, നെൽകൃഷി ഉൾപ്പെടുന്ന കാർഷികമേഖലയിലേയും കർഷകർ അനുഭവിക്കുന്നതായി പറയപ്പെടുന്ന ദുരിതങ്ങൾ പൊതുപ്രാധാന്യമർഹിക്കുന്നതും അടിയന്തിര സ്വഭാവത്തോടുകൂടിയതും, നിയതവുമായതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ.എം.മാണി റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശദീകരണക്കുറിപ്പിൽ ഒന്നിലധികം വിഷയങ്ങൾ പരാമർശിച്ചിട്ടുണ്ട്, പക്ഷേ അടിയന്തരപ്രമേയത്തിൽ ഒരു വിഷയം കേന്ദ്രീകരിച്ചുമാത്രമേ ചർച്ചചെയ്യാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ട് ഇത് അനുവദിക്കുകയാണ്.

കൃഷി വകുപ്പ് മന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, റബ്ബർ വിലത്തകർച്ച മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് 2015-16

സാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 2016-17-ൽ ഇതിലേയ്ക്കായി 500 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 03-10-2016-വരെ പദ്ധതിയിനത്തിൽ 284.41 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് ഇതിനകം തന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്. നാളിതുവരെ 298295 റബ്ബർ കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. 2016- ജൂൺ 30 ന് അവസാനിച്ച 1-ാം ഘട്ടത്തിന്റെ തുടർച്ചയായി ഈ പദ്ധതിയുടെ രണ്ടാംഘട്ടം 2016- ജൂലൈ 1-ാം തീയതി ആരംഭിക്കുകയും ചെയ്തു. ഈ പദ്ധതിയിൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത റബ്ബർ കർഷകർക്ക് രണ്ടാംഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ ചില തുറമുഖ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചെന്നൈ, മുംബൈ തുറമുഖങ്ങൾ വഴി മാത്രമായി റബ്ബർ ഇറക്കുമതി നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ വിദേശ രാജ്യങ്ങളുമായി ഏർപ്പെടുന്ന വാണിജ്യകരാറുകളിൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളെ സംരക്ഷിക്കുന്ന നടപടികൾ എടുക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന ആർ.സി.ഇ.പി. കരാർ നിലവിൽ വന്നാൽ റബ്ബർ

ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് ഇറക്കുമതി വിലത്തകർച്ച ഉണ്ടാകാൻ സാധ്യത മുന്നിൽക്കണ്ടുകൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട്, കേരളസർക്കാർ കേന്ദ്രസർക്കാരിന് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ രണ്ടുതരത്തിലാണ് റബ്ബർ ഇറക്കുമതിക്ക് അനുമതി നൽകുന്നത്. അഡ്വാൻസ്ഡ് ലൈസൻസ് ഓതറൈസേഷൻ പദ്ധതിപ്രകാരവും, നിശ്ചിതചുങ്കം 25 ശതമാനം അല്ലെങ്കിൽ കിലോയ്ക്ക് 30 രൂപ ഏതാണ് കൂടുതലെങ്കിൽ അത്, പ്രകാരവുമാണ് ഇറക്കുമതി ചെയ്യുന്നത്. അഡ്വാൻസ്ഡ് ലൈസൻസ് ഓതറൈസേഷൻ പദ്ധതി പ്രകാരമുള്ള റബ്ബർ ഇറക്കുമതി നിർത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല സ്വാഭാവിക റബ്ബർ ഇറക്കുമതി തീരുവ, റബ്ബർ ലാറ്റക്സിന്റെ ഇറക്കുമതി ചുങ്കവുമായി 70%-ത്തിന് ഒപ്പമാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ മേയ്ക്ക് ഇൻ ഇന്ത്യാ പദ്ധതിയിൽ റബ്ബർ ഉൾപ്പെടുത്തണമെന്ന ആവശ്യമുന്നയിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് റബ്ബറൈസേഷൻ പദ്ധതിയിൽ സ്വാഭാവിക റബ്ബർ ഉൾപ്പെടുത്തണമെന്ന കാര്യം പരിഗണിക്കുന്നതിന് കേന്ദ്ര ഗതാഗത മന്ത്രാലയത്തിന് നിർദ്ദേശം നൽകണമെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും, നിർദ്ദേശം നൽകുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുമുണ്ട്. നാളികേര കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പാം ഓയിലിന്റെ

ഇറക്കുമതിതീരുവ കുറച്ച നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വിലത്തകർച്ച തടയുന്നതിനാവശ്യമായ നടപടികൾ എടുക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് സംസ്ഥാന സർക്കാർ നിരന്തരം ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. റബ്ബറിന്റെ വിലത്തകർച്ചയിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതി വിലയിരുത്തുന്നതിനും, കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമായി ബന്ധപ്പെട്ടവരുടെ യോഗം അടുത്തുതന്നെ ചേരാൻ ഉദ്ദേശിക്കുന്നതായി ശ്രീ. പി.സി. ജോർജിന്റെ ഇതേ വിഷയത്തിലുള്ള സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുള്ളതാണ്. കാർഷികോൽപ്പാദനം മെച്ചപ്പെടുത്തുന്നതിന്റെയും കർഷക സുരക്ഷ ഉറപ്പു വരുത്തുന്നതിന്റെയും ഭാഗമായി 60 വയസ്സുതികഞ്ഞ കർഷകർക്ക് ആശ്വാസമായി കിസാൻ അഭിമാൻ എന്ന പേരിൽ ഒരു പെൻഷൻ പദ്ധതിക്ക് 2008-09 കാലഘട്ടത്തിൽ മുൻ എൽ.ഡി.എഫ്. സർക്കാർ രൂപം നൽകിയിരുന്നു. തുടർന്ന് 2011-ൽ അധികാരത്തിൽവന്ന യു.ഡി.എഫ്. സർക്കാർ ടി പെൻഷൻ പദ്ധതി പുനരവലോകനം ചെയ്യുകയും, ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 300 രൂപാ നിരക്കിൽ പെൻഷൻ അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ 13-02-2012-ലെ ഉത്തരവ്

പ്രകാരം രണ്ട് ഹെക്ടർ സ്ഥലം വരെ കൃഷിഭൂമിയുള്ള എല്ലാവരെയും പെൻഷന് പരിഗണിക്കാൻ തീരുമാനിക്കുകയും, പെൻഷൻതുക 400 രൂപയായി ഉയർത്തുകയുമുണ്ടായി. 2012-13 വർഷത്തിൽ 203132 ചെറുകിട നാമമാത്ര കർഷകരാണ് പെൻഷന് അർഹരായി ഉണ്ടായിരുന്നതെങ്കിൽ ഇത് കാലക്രമേണ 356663 ആയി വർദ്ധിക്കുകയുണ്ടായി. പെൻഷൻ അർഹതയുള്ളവരുടെ മാനദണ്ഡം നിശ്ചയിക്കുന്ന ലിസ്റ്റ് തയ്യാറാക്കുന്നതിൽ ധാരാളം അപാകതകൾ ഉള്ളതായും, നിരവധി അനർഹരായ ആളുകൾ പെൻഷൻ വാങ്ങുന്നതായും ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി കൃഷിവകുപ്പിനെ അറിയിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് വിശദമായ പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എങ്കിൽപ്പോലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, മുൻ യു.ഡി.എഫ്. സർക്കാർ നൽകാനുണ്ടായിരുന്ന പെൻഷൻ കുടിശ്ശികയിൽ തിരുവനന്തപുരം ജില്ല ഒഴികെയുള്ള മറ്റ് എല്ലാ ജില്ലകളിലും ഓണത്തിനുമുൻപുതന്നെ 2016 ജനുവരി വരെയുള്ള കുടിശ്ശികയായ 113.52 കോടി രൂപ അനുവദിക്കുകയുണ്ടായി. മറ്റു പെൻഷനുകളിൽ നിന്ന് വ്യത്യസ്തമായി 2016 ജൂൺമാസത്തിൽ തന്നെ അതുവരെയുള്ള കർഷകപെൻഷൻ കുടിശ്ശികത്തുക പൂർണ്ണമായും നൽകിയിരുന്നു. എല്ലാ സാമൂഹിക സുരക്ഷാ പെൻഷനുകളുടെയും പ്രതിമാസത്തുക 1000 രൂപയാക്കാൻ ഈ സർക്കാർ

തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 01-06-2016 മുതൽ കർഷക പെൻഷനും 600 രൂപയിൽനിന്ന് 1000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം ഒരു മാസത്തെ തുകയായ 1000 രൂപ വീതം നൽകുവാൻ 37.895 കോടി രൂപ ഓണത്തിനു മുൻപുതന്നെ അനുവദിച്ച് ജില്ലകൾക്ക് കൈമാറിയിട്ടുണ്ട്. 2016 ജൂൺ മാസത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനാവശ്യമായ അലോട്ട്മെന്റ് ഇതിനകം നൽകുകയും ചെയ്തിട്ടുണ്ട്. മൊത്തം 151.41 കോടി രൂപ ഈ ഗവൺമെന്റ് വന്നതിനുശേഷം പെൻഷൻ കുടിശ്ശികയ്ക്ക് നൽകുകയും അത് വിതരണം ചെയ്തുകൊണ്ടിരിക്കുകയുമാണ്. അതിൽ ഓണത്തിനുശേഷം നൽകിയിരിക്കുന്ന 37.895 കോടി രൂപ ഓണത്തിനു മുൻപുതന്നെ ജില്ലാ കൃഷി ഓഫീസർമാരുടെ അക്കൗണ്ടുകളിലേയ്ക്ക് ഗവൺമെന്റ് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇതിന്റെ അപാകത പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അപാകതകൾ പരിഹരിച്ച ലിസ്റ്റ് കിട്ടിയാലുടൻതന്നെ കുടിശ്ശിക പൂർണ്ണമായും കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. ചെറുകിട കൃഷിക്കാർക്ക് കുടിശ്ശികയില്ലാതെ പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഒരു വിട്ടുവീഴ്ചയും ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. കൃഷിക്കാരുടെ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് ഏകദേശം സംസ്ഥാന പദ്ധതികൾക്കായി 406 കോടി രൂപയും കേന്ദ്രപദ്ധതികൾക്കായി

358.85 കോടിരൂപയും പദ്ധതിയേതരയിനത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് 660.98 കോടി രൂപയും കാർഷികക്ഷേമത്തിനുവേണ്ടി ഗവൺമെന്റ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ രീതിയിൽ കൃഷിക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഊർജ്ജിതമായിട്ടുള്ള നടപടികൾ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. റബ്ബർ വിലയിടിവുമായി ബന്ധപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെന്റ് അനുവർത്തിക്കുന്ന നയങ്ങളാണ് റബ്ബർ കൃഷിക്കാരെ ഗുരുതരമായി ബാധിക്കുന്നതെങ്കിലും ഈ ഗവൺമെന്റ് വന്നതിനുശേഷം റബ്ബർ കൃഷിക്കാരുടെ കാര്യത്തിൽ ഗൗരവമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് 500 കോടി രൂപ വകയിരുത്തുകയും 283 കോടി രൂപ ഇതിനകം കൃഷിക്കാർക്ക് നൽകുകയും ചെയ്തിട്ടുള്ളത്. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. കെ. എം. മാണി: സർ, മന്ത്രിയുടെ മറുപടി കേട്ടപ്പോൾ എല്ലാം ഭദ്രം, എല്ലാ നടപടികളും സ്വീകരിച്ചു, കേന്ദ്രത്തെ എല്ലാ വിവരങ്ങളും അറിയിച്ചിട്ടുണ്ട്, കേന്ദ്രത്തോട് പറയുന്നുമുണ്ട്. പക്ഷേ, ഓണത്തിനുമുൻപ് എല്ലാപേർക്കും പെൻഷനും കൊടുത്തു. ഓണത്തിന് എല്ലാപേർക്കും പെൻഷൻ കൊടുത്തു, കർഷകർക്ക് മാത്രം പെൻഷൻ കിട്ടിയില്ല. എന്തുകൊണ്ട് കർഷകരോട് ഈ അവഗണന കാണിച്ചു.

മന്ത്രി ഉത്തരം പറയണം, കർഷകർക്ക് മാത്രം പെൻഷൻ ഇല്ല, മറ്റുള്ളവർക്കെല്ലാം കൊടുത്തു. ഇത് വളരെ ഹൃദയഭേദകമായിട്ടുള്ള ഒരു കാര്യമാണ്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന്റെ ഫലമായി ഇന്ന് സംസ്ഥാനത്തെ കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് വളരെയേറെയാണ്. റബ്ബർ, നാളികേരം തുടങ്ങിയ നാണ്യവിളകളുടേയും നെല്ല് ഉൾപ്പെടെയുള്ള കാർഷിക വിഭവങ്ങളുടേയും വിലത്തകർച്ചയാണ്. ഇത് പിടിച്ചുനിർത്താൻ കഴിഞ്ഞില്ലായെങ്കിൽ നമ്മുടെ കാർഷിക സമ്പദ് വ്യവസ്ഥതന്നെ തകർച്ചയിലേയ്ക്ക് നീങ്ങുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. അരനൂറ്റാണ്ടായി റബ്ബറിന്റെ പ്രശ്നം നിലനിൽക്കുകയാണ്, എന്റെ രണ്ടാമത്തെ പ്രസംഗം, താരിഫ് കമ്മീഷൻ റബ്ബറിന് 20 രൂപയായി വില നിശ്ചയിച്ചത് കുറവാണ്, കുറച്ചും കൂടി കൂട്ടി നിശ്ചയിക്കണം എന്നുള്ളതാണ്. 50 വർഷമായിട്ടും റബ്ബറിന്റെ പ്രശ്നം ഇതുവരേയും കഴിഞ്ഞിട്ടില്ല, കാരണമെന്താണ്; റബ്ബർ കൃഷിക്കാർ അസംഘടിതരാണ്. സംഘടിതരായ ടയർ മാനുഫാക്ച്ചറേഴ്സ്, സംഘടിതരായ റബ്ബർ വ്യവസായികൾ അവരുമായിട്ടാണ് നമുക്ക് മൽസരിക്കേണ്ടത്. ഈ മൽസരത്തിൽ അസംഘടിതരായ പാവപ്പെട്ട കൃഷിക്കാർ ചതഞ്ഞരഞ്ഞ് തകരുകയാണ്. അവരെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റോ, സംസ്ഥാന ഗവൺമെന്റോ, ആരുമില്ലെങ്കിൽ എന്താണ് അവസ്ഥ? ഇന്ന് വാസ്തവം പറഞ്ഞാൽ

റബ്ബറിന്റെ വില എത്രയാണ്; രണ്ടുവർഷം മുൻപ് ഒരു കിലോ റബ്ബറിന് 240 രൂപ വിലയുണ്ടായിരുന്നു, ഇപ്പോൾ ഇന്നലത്തെ കോട്ടയം മാർക്കറ്റ് വച്ച് പറയുകയാണെങ്കിൽ RSS-5 ന് 113 രൂപ 50 പൈസയാണ്. പാവപ്പെട്ട കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്നത് RSS-5 ഗ്രേഡാണ്, അതിന് 113 രൂപ 50 പൈസയാണ്. ഇവിടെ വിലസ്ഥിരതാ ഫണ്ടിനെക്കുറിച്ച് പറഞ്ഞു, ഞാൻ ധനകാര്യമന്ത്രിയായിരിക്കേ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു വിലസ്ഥിരതാ ഫണ്ട് ഉണ്ടായിരുന്നു. അത് കൃഷിക്കാർക്ക് വലിയ ആശ്വാസമായിരുന്നു, അത് അങ്ങേയ്ക്കുമറിയാം. റബ്ബറിന് ഒരു കിലോഗ്രാമിന് 150 രൂപ മിനിമം വിലയായിട്ട് സർക്കാർ നിശ്ചയിച്ചു. ഈ മിനിമം വില കിട്ടുന്നില്ലെങ്കിൽ കമ്പോള വിലയും പ്രഖ്യാപിത വിലയും തമ്മിലുള്ള വ്യത്യാസം ഗവൺമെന്റ് നികത്തിക്കൊടുക്കും എന്ന പ്രഖ്യാപനമാണ് മുൻ യു.ഡി.എഫ്. ഗവൺമെന്റ് അന്ന് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത്. അന്ന് 85 രൂപ വിലയുണ്ടായിരുന്നപ്പോഴാണ് ആ പ്രഖ്യാപനം. അതായത് 150-ഉം 85-ഉം തമ്മിലുള്ള വ്യത്യാസം 65 രൂപ. ആർക്കും വിശ്വസിക്കാൻ കഴിയുകയില്ല. അന്ന് കേരളത്തിലെ ഓരോ കൃഷിക്കാരനും ഓരോ കിലോഗ്രാം റബ്ബർ വിൽക്കുമ്പോഴും 65 രൂപ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകി. ലോകത്ത് ഇങ്ങനെയൊരു സ്കീം ഉണ്ടായിട്ടില്ല. അവിടെ ഇടനിലക്കാരില്ല,

യാതൊരു ചെലവുമില്ല. ബാങ്ക് അക്കൗണ്ടിലേയ്ക്ക് വിലയിലെ വ്യത്യാസമായ 65 രൂപ വച്ച് കൊടുത്തു കൊണ്ടിരുന്നു. എത്ര മനോഹരമായ ഒരു സ്കീം ആയിരുന്നു. അതുകൊണ്ട് ഇവിടുത്തെ റബ്ബർ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് വലിയൊരു ആശ്വാസമായിരുന്നു അത്. ഇന്ന് ഈ സ്കീമിന്റെ അവസ്ഥയെന്താണ് എന്നകാര്യം എനിക്കറിഞ്ഞുകൂടാ; ഈ സ്കീം നല്ല നിലയിൽ നടക്കുന്നുണ്ടോ? വളരെയേറെ പരാതികൾ ഉണ്ട്. ഈ സ്കീം ഇന്ന് നിലച്ചതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് 300 കോടി രൂപ ബഡ്ജറ്റിൽ മാറ്റിവച്ചിരുന്നു, പിന്നീടത് 500 കോടിയാക്കി മാറ്റി. അതിണിപ്പോൾ നീക്കിവച്ചു വരുന്നുവെന്നുപറയുന്നത്. അത് ഓരോവർഷവും നീക്കിവയ്ക്കണം. പക്ഷെ ഈ സ്കീമിന്റെ അടിത്തറയെന്നുപറയുന്നത് യു.ഡി.എഫ്. ഗവൺമെന്റ് ബഡ്ജറ്റിൽ വച്ച 500 കോടി രൂപയാണ്. ഇപ്പോൾ റബ്ബറിനെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ശരിയാണ്. ഞാൻ അങ്ങയെമാത്രം കുറ്റം പറയുന്നില്ല. കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. ചിദംബരമാണ് റബ്ബറിന്റെ ഇറക്കുമതി തീരുവ കുറയ്ക്കുകയും ഇറക്കുമതി സുഗമമാക്കുകയും ചെയ്യുന്നതിന് വഴിതെളിച്ചത്. ആ നിലയ്ക്ക് നോക്കുമ്പോൾ കോൺഗ്രസ്സിൽനിന്നും ഇടതുപക്ഷ ഗവൺമെന്റിൽനിന്നും കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്തുനിന്നും

കർഷകർക്ക് രക്ഷയില്ലാത്ത അവസ്ഥയാണ്. കൃഷിക്കാർ എവിടെ പോകും? കൃഷിക്കാരെ സംബന്ധിച്ചിടത്തോളം എത്രമാത്രം ദുഃഖം അനുഭവിക്കുകയാണ്. അവരെ സഹായിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ക്രിയാത്മകമായ പദ്ധതി അങ്ങ് പ്രഖ്യാപിക്കണം. അങ്ങയുടെ പുറകിൽ ഞങ്ങളെല്ലാം നില്ക്കാം. എന്നുവച്ച് ഇടതുപക്ഷ മുന്നണിയിലേയ്ക്ക് വരുമെന്നല്ല അതിന്റെ അർത്ഥം. അങ്ങ് നല്ലത് ചെയ്താൽ നല്ലത് എന്ന് ഞങ്ങൾ പറയും. നല്ലതിന് പിന്തുണയുണ്ട്. അങ്ങ് ധൈര്യമായി മുന്നോട്ടുവന്ന് ഈ റബ്ബർ കൃഷിക്കാർക്കായി ഒരു നല്ല സ്കീം പ്രഖ്യാപിക്കൂ. അതാണ് നാം മാതൃകാപരമായി എടുക്കേണ്ടത്.

നാളികേരത്തിന് കിലോയ്ക്ക് 25/- രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 17/- രൂപയായി. നാളികേര സംഭരണം അവതാളത്തിലായി. ഏതാനും കൃഷിഭവനുകൾ വഴി മാത്രമെ നാളികേര സംഭരണം നടക്കുന്നുള്ളൂ. ഒരു കർഷകന് പത്ത് ക്വിന്റൽ തേങ്ങവരെ കൃഷിഭവൻ മുഖേന വിൽക്കാമായിരുന്നത് ഇപ്പോൾ ഒറ്റയടിക്ക് നാല് ക്വിന്റലായി പരിമിതപ്പെടുത്തി. അതോടുകൂടി അതിന്റെ മനോഹാരിതയും പോകുകയുണ്ടായി.

ഇനി നെല്ലുസംഭരണത്തിന്റെ കാര്യമെടുക്കാം. നെല്ലുസംഭരണത്തിലും പാളിച്ച

പറ്റി. നെല്ല് പാടത്ത് കൂട്ടിയിട്ടിരിക്കുകയാണ്. ശ്രീ. മാത്യു റ്റി. തോമസിന് അറിയാം കാര്യങ്ങൾ. കളത്തിൽവച്ചുതന്നെ നെല്ലിന് വില കിട്ടുന്ന ഒരു സജ്ജീകരണമാണ് നമുക്കുവേണ്ടത്. നെൽകൃഷിക്കാരും ആകെ ദുഃഖത്തിലാണ്. വിപണിയിൽ ഗവൺമെന്റ് കൃത്യമായി ഇടപെടണം. അതല്ലാതെ കൃഷിക്കാർക്ക് രക്ഷയില്ല. കമ്പോളവില താഴേയ്ക്ക് പോകുമ്പോൾ സർക്കാർ ഇടപെട്ട് കൃഷിക്കാരുടെ വിഭവങ്ങൾ എടുക്കുന്നതിനുവേണ്ടിയും അവർക്ക് ന്യായവില ഉറപ്പാക്കുന്നതിനുമുള്ള നടപടിയുണ്ടാകണം. റബ്ബർ, നാളികേരം, നെല്ല് എന്നിവയെല്ലാം വിലത്തകർച്ച നേരിടുകയാണ്. ഈ കാര്യങ്ങളെല്ലാം ഗവൺമെന്റ് വളരെ അനുഭാവപൂർവ്വം പരിഗണിക്കണം.

പിന്നെയുള്ളത് പരിസ്ഥിതിലോല പ്രശ്നം സംബന്ധിച്ചാണ്. അത് പ്രത്യേകം ചർച്ച ചെയ്യേണ്ട വിഷയമാണ്. 123 വില്ലേജുകളും പരിസ്ഥിതിലോല പ്രദേശമാണെന്ന സമീപനമാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വന്നിരിക്കുന്നത്.

<u>മി. സ്പീക്കർ</u> : ആ വിഷയത്തിലേയ്ക്ക് അങ്ങ് ഇപ്പോൾ പോകണ്ട.

<u>ശ്രീ. കെ. എം. മാണി</u> : ആ വിഷയത്തിലേയ്ക്ക് പോകുന്നില്ല. അതുകൊണ്ട് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, പ്രത്യേകിച്ച് റബ്ബറിന്റേയും

നാളികേരത്തിന്റേയും നെല്ലിന്റേയും വിലയിടിവ് കർഷകരെ വളരെയേറെ വിഷമത്തിലാക്കിയിരിക്കുന്നു. അതിന് അടിയന്തര പരിഹാരമുണ്ടാകണം. അതുണ്ടാകാത്തതിൽ ഞങ്ങൾക്ക് വലിയ പ്രതിഷേധമുണ്ട്. ഗവൺമെന്റിൽ നിന്നുള്ള മറുപടി വളരെ ദുഃഖകരവും നിരാശാപരവുമായ രീതിയിലുള്ളതാണ്. കാരണം മറുപടി പറഞ്ഞാൽ പോര, പ്രതിപക്ഷത്തുനിന്ന് ഒരു കാര്യം വന്നാൽ.... മറുപടിയിൽ എന്ത് കാര്യമിരിക്കുന്നു. അതിന് പരിഹാരമായിട്ടുള്ള ചില നിർദ്ദേശങ്ങൾ വരണം. ആ നിർദ്ദേശങ്ങൾ ഇല്ലാത്തതിന്റെ പേരിലും സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിലും ഞാൻ പ്രതിഷേധിക്കുന്നു. ഈ വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ) : സർ, ബഹുമാനപ്പെട്ട മുൻ ധനകാര്യ മന്ത്രിയും വളരെ പരിണിതപ്രജ്ഞനുമായ മാണി സാർ ഇവിടെ പറഞ്ഞ കാര്യത്തിൽ, പ്രതിപക്ഷമുന്നയിച്ച കാര്യത്തിൽ ഗവൺമെന്റിനെ സംബന്ധിച്ച് കാര്യങ്ങളുടെ ഗൗരവം ഒരിക്കലും കാണാതിരിക്കുന്നില്ല. വളരെ ഗൗരവമായ കാര്യമാണ്. പന്ത്രണ്ട് ലക്ഷത്തോളം വരുന്ന റബ്ബർ കൃഷിക്കാരെ സംബന്ധിക്കുന്ന കാര്യമാണ്. ഇത് കേരളത്തിന്റെ സമ്പദ്ഘടനയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണ്. ഈ സാഹചര്യം ഗവൺമെന്റ് മനസ്സിലാക്കിക്കൊണ്ടാണ് നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ അങ്ങ് ഈ ചർച്ചയിൽ പങ്കെടുത്ത്

സംസാരിച്ചപ്പോൾ ശ്രീ. പി. ചിദംബരത്തെപ്പറ്റി പറഞ്ഞതിൽ എനിക്ക് വളരെയേറെ സന്തോഷമുണ്ട്. ഇപ്പോഴെങ്കിലും അങ്ങ് ഈ വസ്തുത പറയാൻ തയ്യാറായല്ലോ. ശ്രീ. പി. ചിദംബരം ഈ കാര്യങ്ങളൊക്കെ ചെയ്തുകൊണ്ടിരിക്കുമ്പോൾ അങ്ങ് ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. ഞങ്ങൾ ഇതിനെ ശക്തമായി എതിർക്കുന്ന സമയത്ത്, അങ്ങയേക്കാൾ ശക്തമായി ഉച്ചത്തിൽ ഈ സഭയിൽ ഇത് പറയുമ്പോൾ ചിദംബരത്തിന്റെ മറുപടിയെ ന്യായീകരിക്കുന്ന മറുപടിയാണ് അന്ന് നിയമസഭയിൽ ഞങ്ങൾ കേട്ടുകൊണ്ടിരുന്നത്. തർക്കത്തിനുവേണ്ടി പറഞ്ഞതല്ല, അങ്ങ് ഇവിടെ സൂചിപ്പിച്ചതുകൊണ്ട് പറഞ്ഞുവെന്നേയുള്ളൂ. ഇവിടെ റബ്ബറധിഷ്ഠിത വ്യവസായികൾ സംഘടിതരാണെന്നും റബ്ബറിന്റെ വില എത്ര കുറഞ്ഞാലും ടയറിന്റെ വില കുറയുന്നില്ലെന്നുമുള്ള കാര്യം നമുക്കെല്ലാമറിയാം. അന്നും ഇന്നും കേന്ദ്ര സർക്കാർ ആരുടെ താൽപ്പര്യമാണ് സംരക്ഷിച്ചുകൊണ്ടിരിക്കുന്നതെന്ന് നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ച് ആ നിലപാടിനോട് ഒരു യോജിപ്പുമില്ല എന്നുമാത്രമല്ല ഇപ്പോൾ ആർ.സി.ഇ.പി. (റീജിയണൽ കോംപ്രഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്) കരാറിന്റെ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ആ കരാർ വരുന്നതോടുകൂടി റബ്ബർ ഉൾപ്പെടെയുള്ള പല കാർഷിക വിളകളുടേയും ഇറക്കുമതി ചുങ്കമില്ലാതെ നമ്മുടെ

രാജ്യത്തിലേയ്ക്ക് കൊണ്ടുവരാൻ പോകുകയാണ്. കമ്മോഡിറ്റി ക്യാരക്ടർ നിശ്ചയിക്കുന്ന സമയത്ത് സംസ്ഥാന ഗവൺമെന്റുകളുടെ അഭിപ്രായംകൂടി ആരാഞ്ഞതിനുശേഷം മാത്രമെ കമ്മോഡിറ്റി ക്യാരക്ടർ നിശ്ചയിക്കുന്ന കരാറിൽ ഒപ്പുവയ്ക്കാൻ പാടുള്ളുവെന്ന കാര്യം വ്യക്തമാക്കിക്കൊണ്ട് ഈ സർക്കാർ രണ്ടുതവണ കേന്ദ്ര സർക്കാരിനെ അറിയിക്കുകയുണ്ടായി. ഈ സഭാസമ്മേളനം കഴിഞ്ഞാലുടൻ തന്നെ ഇതുസംബന്ധിച്ച കാര്യങ്ങൾക്കായി കേന്ദ്ര മന്ത്രിമാരെ കാണാൻ പോകുകയാണ്.

ശ്രീ. പി. ടി. തോമസ് : സർ, നിങ്ങളുടെ പാർട്ടിക്കാരനായ ശ്രീ. ചതുരാനൻ മിശ്ര ബന്ധപ്പെട്ട വകുപ്പുമന്ത്രിയായപ്പോഴാണ് ഈ കരാറിൽ ഒപ്പുവച്ചത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, അസംബന്ധം പറയരുത്, ചതുരാനൻ മിശ്രയുടെ കാര്യമല്ല, കോൺഗ്രസ് ഗവൺമെന്റിന്റെ നയമാണെന്നാണ് ഞാൻ പറയുന്നത്. നിങ്ങൾ ചതുരാനൻ മിശ്രയുടെ പേരും പറഞ്ഞ് വിഷയമുണ്ടാക്കേണ്ട, അതിനുശേഷം അഞ്ച് ലക്ഷം കൃഷിക്കാർ ഇന്ത്യയിൽ ആത്മഹത്യ ചെയ്തതത് കോൺഗ്രസ് ഗവൺമെന്റ് ഭരിക്കുന്ന കാലത്താണ്. ആ കാര്യം അങ്ങ് മറന്ന് പോകരുത്. നിങ്ങൾ പറയുന്നതുപോലെ ശ്രീ. ചതുരാനൻ മിശ്രയല്ല ആ കരാറിൽ

ഒപ്പ് വച്ചിരിക്കുന്നത്. ആസിയാൻ കരാറും ഗാട്ട് കരാറും ഒപ്പുവച്ചത് ആരാണ്; വെറുതെ നിങ്ങൾ ചെയ്ത തെറ്റുകൾ മാണിസാർ ചൂണ്ടിക്കാണിച്ചപ്പോൾ അത് ചതുരാനൻ മിശ്രയുടെ തലയിൽ കെട്ടിവച്ച് രക്ഷപ്പെടാൻ നോക്കരുത്. അതിനെപ്പറ്റി അത്രമാത്രമെ പറയുന്നുള്ളൂ. ആർ.സി.ഇ.പി. കരാർ ഒപ്പുവയ്ക്കുന്നതിനെതിരായി ശക്തമായ നിലപാട് ഈ ഗവൺമെന്റ് എടുത്തിരിക്കുകയാണ്. ഇപ്പോൾ ശ്രീ. കെ. എം. മാണിസാറിന് അറിയാമായിരിക്കും, കേന്ദ്ര ഗവൺമെന്റ് ജനിതകമാറ്റം വരുത്തിയ വിത്തുകൾ കൊണ്ടുവരാൻ പോകുകയാണ്. അതിൽ കേരളാ കോൺഗ്രസ് (മാണി ഗ്രൂപ്പിന്റെ)-ന്റെ അഭിപ്രായമെന്താണ്; സംസ്ഥാന ഗവൺമെന്റ് അതിനെതിരായി, ജനിതകമാറ്റം വരുത്തിയ വിത്തുകൾ വരാതിരിക്കാൻവേണ്ടി സമാന ചിന്താഗതിക്കാരായ സ്റ്റേറ്റുകളുടെ യോഗം വിളിക്കാൻ ആഗ്രഹിക്കുകയാണ്. ഇങ്ങനെയൊരു നീക്കം ആദ്യം കൊണ്ടുവന്നത് കോൺഗ്രസ് ഗവൺമെന്റല്ലേ? അപ്പോൾ കൃഷിക്കാർക്കെതിരായ പല നടപടികളും കേന്ദ്ര ഗവൺമെന്റ് എടുക്കുന്നതിന്റെ ഭാഗമായിട്ടാണ് റബ്ബർ അടക്കമുള്ള കാർഷിക മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാകുന്നത്. ഇതിൽ സംസ്ഥാന ഗവൺമെന്റുകളുടെ റോൾ വളരെ ചെറുതാണ്. കൂടാതെ ഇവിടെ പറഞ്ഞ മറ്റൊരു കാര്യം വിലസ്ഥിരതാ ഫണ്ടിനെപ്പറ്റിയാണ്. വിലസ്ഥിരതാ ഫണ്ടിന്റെ കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റ്

ഒരുപാട് കാര്യങ്ങൾ ചെയ്യുവെന്നാണ്. അതിന്റെ കണക്ക് പരിശോധിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിലസ്ഥിരതാ ഫണ്ട് 500 കോടിരൂപയായി വർദ്ധിപ്പിച്ചു. അതിൽ 253 കോടി രൂപ കൊടുത്തുകഴിഞ്ഞു.

ശ്രീ. ഉമ്മൻ ചാണ്ടി : യു.ഡി.എഫ്. ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ 500 കോടി രൂപയാണ് വകയിരുത്തിയത്.

ശ്രീ. വി. എസ്. സുനിൽകുമാർ : ഞാൻ അതിൽ തർക്കിക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റ് എത്ര രൂപ ചെലവാക്കിയെന്നതാണ് പ്രശ്നം. അൻപത് കോടി രൂപ മാത്രമാണ് നിങ്ങൾ ചെലവാക്കിയത്. അങ്ങ് കണക്ക് പരിശോധിക്കണം. ഞാൻ കണക്കുകൾ പരിശോധിച്ചതിനുശേഷമാണ് പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 254 കോടി രൂപ ഇതിനകം കൊടുത്തുകഴിഞ്ഞു. എന്നിട്ടാണ് മാണി സാർ ചോദിക്കുന്നത് എന്ത് നടപടി സ്വീകരിച്ചുവെന്ന്. ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്ന നടപടി ഇതാണ്. എന്നുമാത്രമല്ല ഇതിന്റെ രണ്ടാം ഘട്ടമെന്ന നിലയ്ക്ക്, ഏതെങ്കിലും കൃഷിക്കാർ രജിസ്റ്റർ ചെയ്യാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെക്കൂടി ചേർത്തുകൊണ്ട് പ്രത്യേക നടപടി സ്വീകരിക്കുകയാണ്. ഈ വിലത്തകർച്ചയുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന ഗുരുതരമായ പ്രശ്നം ചർച്ച ചെയ്യാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി

ഒരു യോഗം വിളിച്ചുചേർക്കുവാൻ പോകുകയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ശ്രീ. പി. സി. ജോർജിന്റെ സബ്മിഷനുള്ള മറുപടിയിൽ പറയുകയുംചെയ്തു. റബ്ബർ കൃഷിക്കാരുടെ കാര്യത്തിൽ നിങ്ങൾ കാണിക്കുന്നതുപോലെ ഞങ്ങൾ ആത്മാർത്ഥതയില്ലാത്ത സമീപനം കാണിക്കുന്നുവെന്ന് തെറ്റിദ്ധരിപ്പിക്കാൻ നോക്കരുത്. ഞങ്ങൾ വളരെ sincere ആയിട്ടുതന്നെയാണ് ഇക്കാര്യത്തിൽ നില്ക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ റബ്ബർ വിലയിടിവിനെക്കുറിച്ചും നാളികേര വിലയിടിവിനെക്കുറിച്ചും പറയുന്നത് വളരെ സത്യസന്ധമാണ്. പക്ഷേ റബ്ബർ സംഭരണവും നാളികേര സംഭരണവുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെ കോടിക്കണക്കിന് രൂപ കട്ടുമുടിച്ച സംഘങ്ങളുണ്ട്. ഞാൻ അവരുടെ പേരുകൾ ഇവിടെ പരാമർശിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻപിൽ സബ്മിഷനിലൂടെ ഞാൻ ഇക്കാര്യം ചൂണ്ടിക്കാണിച്ചതാണ്. പാലായിലെ ഒരു സഹകരണ സംഘം റബ്ബർ കർഷകർക്ക് 300 കോടി രൂപ നൽകാനുണ്ട്. അതുപോലെതന്നെ കണ്ണൂർ കേന്ദ്രമായ ഒരു സംഘം നാളികേര സംഭരണത്തിൽ 120 കോടി രൂപ കട്ടിട്ടുണ്ട്. പാലായിൽതന്നെയുള്ള മറ്റൊരു സംഘം, മീനച്ചിൽ താലൂക്ക് മുഴവനും 30 കൊല്ലം നാളികേരം ഇട്ടാലും തീരാത്ത വിധത്തിലുള്ള നാളികേരം ഒരു

കൊല്ലംകൊണ്ട് വാങ്ങിയെന്നുപറഞ്ഞ് കോടികൾ കട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച റിപ്പോർട്ട് ഇവിടെയുണ്ട്. അതെല്ലാം ഇവിടെ മുക്കിവച്ചിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ടുകൾ എടുത്ത് പരിശോധിക്കാനും കള്ളന്മാർക്കെതിരെ നടപടി സ്വീകരിക്കാനും ഈ ഗവൺമെന്റിന് തന്റേടമുണ്ടോ?

ശ്രീ. വി.എസ്. സുനിൽ കുമാർ: സർക്കാരിന്റെ കോടിക്കണക്കിന് രൂപ കട്ടുമുടിച്ചവരെ ഒന്നൊന്നായി പുറത്തുകൊണ്ടുവരുന്നതിനുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ശ്രീ. പി. സി. ജോർജിന് യാതൊരു സംശയവും വേണ്ട. റബ്ബറിന്റെ കാര്യത്തിൽ മാത്രമല്ല, നാളികേര സംഭരണത്തിലും ഉണ്ടായിരിക്കുന്ന ധാരാളം അഴിമതികൾ പുറത്തുവരാൻ പോകുകയാണ്. അതിനെക്കുറിച്ച് ഞാൻ പരാമർശിക്കാം. ഇവിടെ റബ്ബറിന്റെ വിലയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ആർ.എസ്.എസ്.4-ന് 118.50 രൂപയും ആർ.എസ്.എസ്.5-ന് 113.50 രൂപയുമാണ് വില. ഈ വിലയ്ക്ക് റബ്ബർകൃഷി ചെയ്യാൻ സാധിക്കുകയില്ലായെന്ന കാര്യം എല്ലാവർക്കും അറിയാം. ഈ സാഹചര്യത്തിലാണ് ഇങ്ങനെയൊരു മീറ്റിംഗ് വിളിക്കുന്നതിനും കേന്ദ്രഗവൺമെന്റുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചത്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യം ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മിനിസ്റ്റർ വ്യക്തമാക്കുമെന്നാണ് ഞാൻ

പ്രതീക്ഷിക്കുന്നത്. ഇക്കാര്യം ഇന്നലെ അദ്ദേഹത്തിന്റെ നയപ്രഖ്യാപനത്തിൽ സൂചിപ്പിക്കുകയുണ്ടായി. റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ ഗവൺമെന്റ് 14 അഗ്രോപാർക്കുകളിൽ റബ്ബറധിഷ്ഠിത വ്യവസായം ആരംഭിക്കാൻ തീരുമാനിച്ചത്. കോട്ടയത്തും പത്തനംതിട്ടയിലും റബ്ബറധിഷ്ഠിത വ്യവസായം ആരംഭിച്ചുകൊണ്ട് റബ്ബർ കർഷകർക്ക് സുസ്ഥിര സംരക്ഷണം നൽകാൻ ആവശ്യമായ നടപടി ഗവൺമെന്റ് നടപ്പിലാക്കും. അത് നടപ്പിലാക്കാൻ ആവശ്യമായ ഇച്ഛാശക്തിയോടുകൂടി ഗവൺമെന്റ് മുന്നോട്ടുപോകും.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അൻപതിനായിരം ടൺ റബ്ബറൈസ്ഡ് ബിറ്റുമിന് ഈ വർഷം ഡി.പി.സി.യിൽ നിന്ന് ഓർഡർ കൊടുത്തിരിക്കുകയാണ്. മുൻകാലങ്ങളിലൊന്നും ഇപ്രകാരം ചെയ്തിട്ടില്ല. റബ്ബറൈസ്ഡ് ബിറ്റുമിൻ വലിയ തോതിൽ ഉപയോഗിക്കാനാണ് തീരുമാനം. അതിന് കേന്ദ്രഗവൺമെന്റിന്റെ അനുവാദവും ലഭിച്ചിട്ടുണ്ട്. ഇതുവഴി റബ്ബറിന് കൂടുതൽ ഉപയോഗ സാധ്യത കൈവരും. അതുപോലെതന്നെയാണ് പ്ലാസ്റ്റിക്കിന്റെ കാര്യവും. പ്ലാസ്റ്റിക് ഒഴിവാക്കണമെന്നാണ് ശുചിത്വമിഷൻ സൂചിപ്പിക്കുന്നത്. ഇവ രണ്ടും ഒരുപോലെ പ്രോത്സാഹിപ്പിക്കുകയാണ്. അതുകൊണ്ട് റബ്ബറിന് വലിയതോതിലുള്ള ഡിമാന്റാണ് വരാൻ പോകുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: ശ്രീ. വി.എസ്. സുനിൽ കുമാർ പരാമർശിച്ച കാര്യം ഒന്നുകൂടി പരിശോധിക്കേണ്ടതായിട്ടുണ്ട്. കാരണം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 250 കോടി രൂപ കർഷകർക്ക് നൽകിയതായിട്ടാണ് കണക്കുകളിലൂടെ മനസ്സിലാകുന്നത്. ഈ ഗവൺമെന്റിന്റെ കാലത്തും 250 കോടി രൂപ നൽകി എന്നുപറയുന്ന കണക്ക് ശരിയോണോയെന്ന് അങ്ങ് ഒരിക്കൽകൂടി പരിശോധിക്കണം. കാരണം കോട്ടയം ഉൾപ്പെടെയുള്ള ജില്ലകളിലെ റബ്ബർ കർഷകർക്ക് ഇതിന്റെ ഫണ്ട് റിലീസ് ചെയ്ത് ലഭിക്കാത്ത വിധത്തിൽ ബ്ലോക്കായി നിലനിൽക്കുന്ന എന്നത് വാസ്തവമാണ്. ഇതിൽ എന്തോ കുഴപ്പം സംഭവിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥ തലത്തിലാണോ മറ്റ് തലത്തിലാണോ കുഴപ്പമെന്നത് അറിയില്ല.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ശ്രീ. മോൻസ് ജോസഫ് 2015-ൽ അവതരിപ്പിച്ച സബ്മിഷനുള്ള മറുപടി എന്റെ കയ്യിലുണ്ട്. ഞാൻ അതെല്ലാം വച്ചുകൊണ്ടാണ് സംസാരിക്കുന്നത്. ഇവിടെ ഏതെങ്കിലും കാര്യത്തിൽ അപാകതയുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിന് യാതൊരു തടസ്സവുമില്ല.

<u>ശ്രീ. കെ. കൃഷ്ണൻ കുട്ടി</u>: സർ, തായ്‌ലന്റിൽ റബ്ബറിനെ കൃഷിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഇവിടെയും റബ്ബറിനെ കൃഷിയിൽ ഉൾപ്പെടുത്താൻ

കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. കെ. സി. ജോസഫ്: ഇതുസംബന്ധിച്ച് ഒരു ചർച്ച നടത്തുന്നത് നല്ലതായിരിക്കും.

ശ്രീ. വി. എസ്. സുനിൽ കുമാർ: ഇക്കാര്യത്തെക്കുറിച്ച് ചർച്ച നടത്തണ്ട എന്നുപറയുന്നതിന്റെ കാരണം, ബഹുമാനപ്പെട്ട അംഗങ്ങളിൽ ആരെങ്കിലും ഇതുമായി ബന്ധപ്പെട്ട് ഒരു ചോദ്യം ചോദിച്ചാൽ അത് വേണ്ടായെന്ന് പറയാൻ സാധിക്കുമോ? റബ്ബറിന്റെ കാര്യത്തിൽ കൃഷി വകുപ്പിന്റെ റോൾ എന്താണെന്നുള്ളത് മാണിസാറിന് നന്നായി അറിയാവുന്ന കാര്യമാണ്. റബ്ബർ ബോർഡും ഫിനാൻസ് ഡിപ്പാർട്ടുമെന്റുമാണ് ഇതിൽ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഇഷ്യുവാണ്. ഈ ഗവൺമെന്റ് ഒരു കാരണവശാലും റബ്ബർ കർഷകരെ വഴിയിലിടുന്ന സമീപനം സ്വീകരിക്കുകയില്ല. അവരെ ശക്തമായി സംരക്ഷിക്കുകയും അവർക്കാവശ്യമായ എല്ലാ സഹായ നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് തുടർന്നുണ്ടാവുകയും ചെയ്യും. നാഷണൽ ഹൈവേകൾ റബ്ബറൈസ്ഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസൽ അടിയന്തരമായി കേന്ദ്രത്തിലേയ്ക്ക് അയയ്ക്കാൻ പ്രധാനമന്ത്രി നിർദ്ദേശിച്ചെങ്കിലും നാളിതുവരെ ഇതുസംബന്ധിച്ചൊരു പ്രൊപ്പോസൽ കേന്ദ്രത്തിന്

നൽകിയിട്ടില്ലായെന്നാണ് ശ്രീ. കെ.എം. മാണി അടിയന്തരപ്രമേയ നോട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്. പ്രസ്തുത പ്രൊപ്പോസൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. വിദഗ്ധരുടെ അഭിപ്രായംകൂടി ഇതിൽ ആരായണമെന്നതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് അതിനുള്ള നടപടിക്രമം എടുത്തുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായിട്ടാണ് റബ്ബറധിഷ്ഠിത റോഡ് നിർമ്മിക്കാൻ ആവശ്യമായ നടപടികൾക്കുവേണ്ടി ഈ ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്.

ഇവിടെ നാളികേര സംഭരണത്തിന്റെ കാര്യവും അങ്ങ് സൂചിപ്പിക്കുകയുണ്ടായി. നാളികേര സംഭരണത്തിന്റെ കാര്യത്തിലും ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അത് ഈ സഭ അറിയേണ്ട വിഷയമാണ്. അത് ഞങ്ങളുടെ മാത്രം കുറ്റമല്ല. നാളികേര സംഭരണവുമായി ബന്ധപ്പെട്ട് 69 കോടി രൂപയുടെ അഴിമതിയാണ് നടന്നിരിക്കുന്നത്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ വ്യക്തമായ തെളിവ് സഹിതം നാളികേര സംഭരണത്തിലുണ്ടായ അഴിമതി പുറത്തുവരികയുണ്ടായി. പ്രസ്തുത വിഷയം പോലീസ് വിജിലൻസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരഫെഡ് മാത്രമാണ് നാളികേരം സംഭരിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 59 കോടി രൂപ കുടിശ്ശികയിനത്തിൽ നൽകി. ഒരു ആഴ്ചയിൽ മൂന്ന് കോടി രൂപ വച്ച് കുടിശ്ശിക

കൊടുത്തുകൊണ്ടിരിക്കുകയാണ്. പക്ഷേ സർക്കാരിൽനിന്നും ലഭിക്കേണ്ട 49 കോടി രൂപയുടെ കാര്യത്തിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പറഞ്ഞ ഒരു കാര്യം, കഴിഞ്ഞ കാലങ്ങളിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ടുകൊണ്ട് കേരഫെഡിൽനിന്നും വ്യക്തമായ കണക്കുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ അത് ലഭ്യമാകുന്ന മുറയ്ക്ക് തുക കൊടുക്കാമെന്നും എന്നാൽ അതുവരെ 49 കോടി രൂപ കേരഫെഡ് തന്നെ സർക്കാരിന്റെ ജാമ്യത്തിൽ കൊടുക്കണമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. അത് ലഭിക്കുന്ന മുറയ്ക്ക് എല്ലാ തുകയും പൂർണ്ണമായും നൽകും. സർക്കാർ നാളികേര സംഭരണം നിറുത്തിവച്ചിട്ടില്ല. 25 രൂപ നിരക്കിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന 27 രൂപ അടിയന്തരമായി കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഇപ്പോൾ കേന്ദ്രം സംഭരിച്ചുകൊണ്ടിരിക്കുന്ന നാളികേരത്തിന്റെ എണ്ണം വർദ്ധിപ്പിക്കാനും തീരുമാനിച്ചിരിക്കുകയാണ്. കേരഫെഡിന്റെയും നാഫെഡിന്റെയും മാർക്കറ്റ്ഫെഡിന്റെയും എം.ഡി.മാരെ ചുമതലപ്പെടുത്തിക്കൊണ്ട് നാളികേര സംഭരണത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ആവശ്യമായ റിപ്പോർട്ട് തേടിയിരിക്കുകയാണ്. രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ അതനുസരിച്ച് നടപടികൾ മുന്നോട്ടുപോകുന്നതോടുകൂടി നാളികേര സംഭരണത്തിലെ പ്രശ്നങ്ങൾ

പരിഹരിക്കപ്പെട്ടും.

നെല്ലിന്റെ കാര്യത്തിൽ അങ്ങിവിടെ പരാമർശിച്ചത് കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നുകയാണ്. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 339 കോടി രൂപയാണ് നെല്ലിന്റെ ഇനത്തിൽ കുടിശ്ശികയുള്ളത്. സംഭരണവില കൊടുക്കാനുണ്ടായിരുന്നു. അതിൽ ഒരു പൈസയില്ലാതെ പൂർണ്ണമായും നൽകിക്കഴിഞ്ഞു. നെല്ലിന്റെ സംഭരണത്തെ സംബന്ധിച്ച പരാതി എവിടെനിന്നാണ് അങ്ങേയ്ക്ക് ലഭിച്ചതെന്ന് എനിക്കറിയില്ല. നെല്ലിന്റെ സംഭരണ കാര്യത്തിൽ എന്തെങ്കിലും പരാതി എവിടെയെങ്കിലും ഉണ്ടെങ്കിൽ അത് ഇന്നുതന്നെ പരഹരിക്കാവുന്നതാണ്. അക്കാര്യം എഴുതിത്തന്നാൽമതി. നെല്ല് സംഭരണ കാര്യത്തിൽ ആദ്യകാലത്ത് ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. നിങ്ങളുടെ കാലത്ത് നെല്ല് സംഭരിക്കുന്ന മില്ലുകാരുമായി ഉണ്ടാക്കിയ കരാർ സംബന്ധിച്ച് ചില പ്രശ്നങ്ങൾ നിലനിന്നിരുന്നു. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി മില്ലുകാരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കുകയും അതിനുശേഷം ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. മില്ലുകാരുടെ പ്രശ്നം പരിഹരിച്ചുകൊണ്ട് നെല്ല് സംഭരണം ആരംഭിക്കാനുള്ള നടപടികൾ പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ നെല്ല് സംഭരണം നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത

വിഷയം സംബന്ധിച്ച് എവിടെയെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിക്കാൻ ഇന്നുതന്നെ നടപടി സ്വീകരിക്കുന്നതാണ്. പെൻഷന്റെ കാര്യത്തിൽ ഇവിടെ മാണിസാർ പറയുന്നത് തെറ്റായ കാര്യമാണ്. ഇക്കാര്യം ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. നാളികേര സംഭരണവുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ അഴിമതിയാണ് നടന്നത്. ഇപ്പോൾ ഇവിടെ അഴിമതി നടക്കുന്നില്ല. നാളികേര സംഭരണത്തിന്റെ കാര്യത്തിൽ വ്യവസ്ഥ ഉണ്ടാക്കിയതിനുശേഷം മാത്രമേ നൽകാൻ സാധിക്കൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 59 കോടി രൂപ കുടിശ്ശിക ഇനത്തിൽ നൽകി. സർക്കാർ 25 രൂപ നിരക്കിൽ നാളികേര സംഭരണം നടത്തിക്കൊണ്ടിരിക്കുകയാണ്. സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന 27 രൂപ അടിയന്തരമായി കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇവിടെ റബ്ബർ വിലയിടിവാണ് വിഷയം. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം. ഇക്കാര്യം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമോ വേണ്ടയോ എന്ന് പറഞ്ഞാൽ മതി.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ഒരു കാര്യം വീണ്ടും ആവർത്തിച്ച് പറയുകയാണ്. നാളികേര സംഭരണത്തിന്റെ കാര്യത്തിൽ ചില വ്യവസ്ഥ ഉണ്ടാക്കാൻ കുറച്ച് സമയം ആവശ്യമാണ്. അതിനിടയിൽ കൊടുക്കാൻ കഴിയുന്ന

രീതിയിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഒരാഴ്ചയിൽ മൂന്ന് കോടി രൂപ വച്ചാണ് കുടിശ്ശിക കൊടുക്കുന്നത്. പ്രസ്തുത വിഷയം സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിനായി റിപ്പോർട്ട് വന്നാൽ ഉടൻതന്നെ അതനുസരിച്ചുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതായിരിക്കും.

ഇവിടെ പെൻഷന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി, മറ്റ് പെൻഷനുകളിൽ നിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് അധികാരത്തിൽവന്നയുടൻതന്നെ 2016 ജൂൺ മാസം വരെയുണ്ടായിരുന്ന കുടിശ്ശികകൾ വിതരണം ചെയ്തു. അതായത് 113 കോടി രൂപ പെൻഷൻ കുടിശ്ശികയിനത്തിൽ നൽകി. കൃഷി വകുപ്പ് മാത്രമാണ് അതുവരെയുണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായും തീർത്തുകൊടുത്തത്. അതിനുശേഷം പെൻഷൻ തുക ആയിരം രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചപ്പോൾ ചില പ്രശ്നങ്ങൾ സംജാതമായി. 356000 ആളുകളുടെ കാര്യത്തിൽ ധനകാര്യ വകുപ്പ് ചില അപാകതകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരു ലക്ഷത്തിലധികം ആളുകൾ അനധികൃതമായി പെൻഷൻ വാങ്ങിയതായുള്ള റിപ്പോർട്ട് ധനകാര്യ വകുപ്പിൽനിന്നും കൃഷി വകുപ്പിന് ലഭിച്ചു. ഇത് മറ്റ് പെൻഷനുകൾ പോലെയല്ല. പെൻഷൻ തുക ക്ഷേമനിധിയിൽനിന്ന് കൊടുക്കുന്നതല്ല, അത് സർക്കാർ ഖജനാവിൽനിന്ന് നൽകുന്നതാണ്. ഇക്കാര്യം

എല്ലാവർക്കും അറിയാവുന്നതാണ്. ഇതുസംബന്ധിച്ച അപാകത പരിഹരിച്ചശേഷം പ്രസ്തുത ലിസ്റ്റ് നൽകിയാൽ പൂർണ്ണമായും തുക നൽകാമെന്നുപറയുകയും അതിന്റെയടിസ്ഥാനത്തിൽ 113 കോടി രൂപ കൊടുക്കുകയും 37 കോടി രൂപ ഓണത്തിനുമുമ്പായി ജില്ലകളിൽ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയാണ്. ബാക്കി തുക ഈ അപാകതകൾ പരിഹരിച്ചതിനുശേഷം പൂർണ്ണമായും കൊടുക്കുകയും ചെയ്യും.

<u>ശ്രീ. കെ. എം. മാണി</u>: ഏഴ് മാസത്തെ കുടിശ്ശിക ഇപ്പോഴുണ്ട്.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: സർ, ഏഴ് മാസത്തെ കുടിശ്ശികയുണ്ട് ശരിയാണ്. ഞാൻ നിഷേധിച്ചില്ലല്ലോ? പക്ഷെ ഈ ഗവൺമെന്റ് വന്ന ശേഷം മറ്റൊരു പെൻഷനും കൊടുക്കാത്ത സാഹചര്യത്തിലും കൃഷിക്കാർക്ക് കൊടുക്കാനുണ്ടായിരുന്ന 113 കോടി രൂപ ഓണത്തിന് മുൻപ് കൊടുത്തു. ഓണത്തിന് മുൻപ് ജൂൺ മാസത്തിൽ കൊടുത്തു. 2016 ജൂൺ മാസം 30-ാം തീയതിക്ക് മുൻപായി ഈ പെൻഷൻ ഉത്തരവിട്ട് കൊടുത്തു. അതിന് ശേഷമുള്ള കുടിശ്ശികയാണ് അദ്ദേഹം പറയുന്നത്. അതിന് ശേഷമുള്ള കുടിശ്ശികയാണ് ബാക്കിയുള്ളത്. അത് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കും. ഈ ലിസ്റ്റിലെ അപാകത

പരിഹരിക്കപ്പെട്ടുകഴിഞ്ഞാൽ ഒരു തടസ്സവും കൂടാതെ നൽകും. ഈ പെൻഷൻ എന്ന് പറഞ്ഞാൽ എല്ലാ പെൻഷനും പോലെയല്ല. ഇത് ക്ഷേമനിധികൾക്ക് നൽകുന്ന പെൻഷനല്ല. ഇത് പൂർണ്ണമായും സർക്കാർ ഖജനാവിൽ നിന്ന് നൽകുന്ന പണമാണ്. ശ്രീ. കെ. എം. മാണി സാറും ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ആളാണ്, ഇതിനകത്തുണ്ടായിരിക്കുന്ന അപാകത പരിഹരിക്കണമെന്ന് പറഞ്ഞാൽ അത് പരിഹരിക്കാൻ പറ്റില്ലായെന്ന് പറയാവുന്നതാണോ; എന്നാൽ ഒരു അപാകതയും പരിഹരിക്കാതെ തന്നെ 3,56,000 പേർക്കും ആയിരം രൂപ വച്ച് അനുവദിച്ച് ഓണത്തിന് മുൻപ് ഉത്തരവായി കൈമായിയിട്ടുണ്ട്. ഏതായാലും ഇക്കാര്യത്തിൽ അപാകത പരിഹരിക്കാനുള്ള നടപടിക്രമം പൂർത്തീകരിച്ചാൽ ഉടൻ തന്നെ പെൻഷന്റെ കാര്യത്തിൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്. ഈ രീതിയിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് അപ്പഴപ്പോഴുള്ള കാര്യങ്ങളിൽ പ്രത്യേകിച്ച് വിലത്തകർച്ചയിലുൾപ്പെടെ കാര്യങ്ങളിലുണ്ടാകുന്ന അപാകത പരിഹരിക്കാനും കൃഷിക്കാരെ സംരക്ഷിക്കാനും വേണ്ടി ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായിരിക്കും. എന്തെങ്കിലും തടസ്സങ്ങളോ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ പ്രതിപക്ഷ എം.എൽ.എ. മാരും പ്രതിപക്ഷാംഗങ്ങളും പറയുകയാണെങ്കിൽ അതിന് പരിഹാരമുണ്ടാക്കുന്നതിനും ഒരു തടസ്സവുമുണ്ടാകില്ല. അതുകൊണ്ട് ഇത് സഭ

നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, ഈ വിഷയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമെന്നാണ് ഞങ്ങൾ കരുതിയത്. കൃഷി വകുപ്പുമായി നേരിട്ട് ബന്ധമില്ലാത്ത ഒരു കാര്യമായതിനാലാണ്. മുഖ്യമന്ത്രിക്ക് ഈ വകുപ്പുമായി വലിയ ബന്ധമില്ലായെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഇവിടെ വന്നിരിക്കുന്ന പ്രശ്നം വളരെ ഗുരുതരമാണ്. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്ന സമയത്ത് റബ്ബറിന്റെ വില ക്രമാതീതമായി ഇടിഞ്ഞ സന്ദർഭത്തിലാണ് പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് കൊണ്ടുവരാൻ തീരുമാനിച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ റബ്ബർ കർഷകരെ സംരക്ഷിക്കാനുതകുന്ന വളരെ ആകർഷകവും ഉപകാരപ്രദവുമായ ഒരു പദ്ധതിയായിരുന്നു അത്. ഇന്ത്യയിൽ ഒരിടത്തുമില്ലാത്ത ഒരു പദ്ധതിയാണിത്. അത് നിലവിൽ വന്നതുകൊണ്ടാണ് റബ്ബറിന്റെ വില കിലോയ്ക്ക് 150 രൂപയായി വർദ്ധിച്ചത്. ബഹുമാന്യനായ മന്ത്രി എല്ലാം ശരിയാണെന്ന് പറഞ്ഞു.

അങ്ങനെയാണെങ്കിൽ ഇപ്പോഴത്തെ വിലയെത്രയാണ്, 113.5 രൂപ. 113.5 രൂപയായി റബ്ബറിന്റെ വിലയിടിഞ്ഞത് ഇന്നത്തെ വിലസ്ഥിരതാ ഫണ്ടിന്റെ നടത്തിപ്പ് ഫലപ്രദമല്ല എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. 2015 ജൂലൈ മുതലാണ് യു.ഡി.എഫ്. ഗവൺമെന്റ് 150 രൂപയ്ക്ക് പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് പ്രഖ്യാപിച്ചത്. അന്ന് റബ്ബറിന്റെ വില 122 രൂപയായിരുന്നു. 28 രൂപ സബ്സിഡി കൊടുത്തു. ഡിസംബർ, ജനുവരി മാസത്തിൽ റബ്ബറിന്റെ വില 88 രൂപയായിരുന്നപ്പോൾ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് 62 രൂപ സബ്സിഡി കൊടുത്തു. 2016 മുതൽ ഈ പദ്ധതി അവതാളത്തിലാണ്. റബ്ബർ ബോർഡ് കർഷകന്റെ ബില്ല് സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുന്നില്ല. നവംബർ-ഡിസംബർ മാസമാണ് പീക്ക് മാസമെന്ന് പറയുന്നത്. പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് സ്തംഭിച്ചതുമൂലം റബ്ബർ ടാപ്പിംഗ് പലയിടത്തും നിർത്തിയിരിക്കുകയാണ്. റബ്ബറിന്റെ ഉൽപ്പാദനം തന്നെ ഇങ്ങനെ പോയാൽ 4.50 ലക്ഷം ടണ്ണായി കുറയും എന്നതാണ് ഇവിടത്തെ പ്രധാനപ്പെട്ട കാര്യം. ഇത് സംസ്ഥാന ഗവൺമെന്റിന് മാത്രം ചെയ്യാൻ കഴിയുന്ന കാര്യമല്ല. കേന്ദ്ര ഗവൺമെന്റിന്റെ നിർണ്ണായകമായ നടപടികളുണ്ടാകേണ്ടത് ഇവിടെയാണ്. ഇറക്കുമതി രണ്ടു തരത്തിലാണ് ഉണ്ടാകുന്നത്. ഒന്ന്, 25% ഡ്യൂട്ടി

ഏർപ്പെടുത്തികൊണ്ടുള്ള ഇറക്കുമതി. മറ്റൊന്ന് അഡ്വാൻസ് ലൈസൻസ് പ്രകാരം വ്യാപാരികൾക്കുള്ള ഇറക്കുമതി. ഈ രണ്ടു പദ്ധതികൾ നിലനിൽക്കുന്നിടത്തോളം കാലം കേരളത്തിലെ റബ്ബർ കർഷകരെ സംബന്ധിച്ചിടത്തോളം വലിയ ബുദ്ധിമുട്ടാണ്. കഴിഞ്ഞ ദിവസം കേന്ദ്ര കൊമേഴ്സ് മിനിസ്റ്റർ ശ്രീമതി നിർമ്മല സീതാരാമൻ എം.പി. മാരുടെ ഒരു യോഗം വിളിച്ചു. ആ യോഗത്തിൽ ചായ കുടിച്ച് പിരിഞ്ഞതല്ലാതെ ഒരു നടപടിയും ഉണ്ടായില്ല. മാത്രമല്ല 500 കോടി രൂപ കേന്ദ്ര ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കണമെന്ന് യു.ഡി.എഫ്. ഗവൺമെന്റും ശ്രീ. ഉമ്മൻ ചാണ്ടിയും, മാണിസാറും അടക്കമുള്ള ആളുകൾ അന്ന് പ്രധാനമന്ത്രിയെ കൊച്ചിയിൽ വച്ച് കണ്ടു സംസാരിച്ചു. ഒരു രൂപപോലും കിട്ടിയില്ല. ശ്രീ. നരേന്ദ്ര മോദി കേരളത്തിലെ തൃശ്ശൂരിൽ വന്ന് ഇത് മേക്ക് ഇൻ ഇന്ത്യാ പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചു. യാതൊരു നടപടിയും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടായില്ല. നിഷേധാത്മകമായ സമീപനമാണ് നരേന്ദ്ര മോദി ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് റബ്ബർ കർഷകരോട് ഉണ്ടാകുന്നത്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവായി 500 കോടി രൂപ സംസ്ഥാനം ഉൾപ്പെടുത്തിയപ്പോഴും കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചത്. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ്

വാഗ്ദാനങ്ങളല്ലാതെ ഒന്നും കേരളത്തിലെ കർഷകർക്ക് നൽകിയിട്ടില്ല. മാത്രമല്ല, റബ്ബർ ബോർഡ് തന്നെ ഇല്ലാതാക്കുന്നതിനെപ്പറ്റിയാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നത്. കേരളത്തിലും കേരളത്തിന് പുറത്തും ട്രഡീഷണലായിട്ടുള്ള റബ്ബർ കർഷക മേഖലയിൽ ഇന്ന് വലിയ ആശങ്ക പടരുകയാണ്. ആഴ്ചയിൽ ഒരിക്കൽ ടാപ്പിംഗ് നടത്തിയാൽ മതിയെന്നാണ് റബ്ബർ ബോർഡ് ഇപ്പോൾ പറയുന്നത്. ഇത് കർഷകരെ സഹായിക്കാനുള്ള നടപടിയാണോ? കേന്ദ്ര ഗവൺമെന്റിന്റെ നിഷേധാത്മകമായ സമീപനം ഒരു ഭാഗത്ത് വളരെ ശക്തമായുണ്ടാകുന്നു. ജനിതക മാറ്റത്തെപ്പറ്റി പറഞ്ഞു. ഈ സംഭവമുണ്ടായപ്പോൾ മുതൽ അത് ശ്രദ്ധിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. വളരെ ശക്തമായി ഇതിനെ ഞങ്ങൾ എതിർക്കുകയാണ്. ഇതിന് രണ്ട് വശങ്ങളുണ്ട്. കടുകിന്റെ ജനിതകമാറ്റത്തെ സംബന്ധിച്ച് ശക്തമായ നിവേദനം ഞാൻ പ്രധാനമന്ത്രിക്ക് നൽകുകയുണ്ടായി. കർഷക ദ്രോഹ നടപടികൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുമ്പോൾ ശക്തമായി അതിനെ എതിർക്കാൻ നമ്മൾ ഒറ്റക്കെട്ടായി മുന്നോട്ട് വരണം. പ്രത്യേകിച്ച് കേരളത്തിലെ നാണ്യ വിളകൾക്കും കാർഷിക വിഭവങ്ങൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധികൾ ചെറുതല്ല. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ കേരളത്തിലെ കർഷകരെ ഗുരുതരമായി ബാധിക്കുകയാണ്. കുനിൻമേൽ

കുരു എന്ന് പറയുന്നതുപോലെ സംസ്ഥാന ഗവൺമെന്റിന്റെ അവധാനതയില്ലായ്മയും റബ്ബർ കർഷകരെ കണ്ണീരിലാഴ്ത്തിയിരിക്കുകയാണ്. 113.50 രൂപയായി ഒരു കിലോ റബ്ബറിന്റെ വില കുറഞ്ഞപ്പോൾ ഈ പദ്ധതി നടത്തിപ്പിന്റെ കാര്യത്തിലുണ്ടായിരിക്കുന്ന വീഴ്ച ഗുരുതരമല്ലേ? മാത്രമല്ല ഇന്ന് അന്താരാഷ്ട്ര വിപണിയിലെ സ്ഥിതിയെന്താണ്? ക്രൂഡ് ഓയിലിന്റെ വില താഴ്ന്ന നിൽക്കുന്നു. ക്രൂഡ് ഓയിലിൽ നിന്നാണ് സിന്തറ്റിക് റബ്ബർ ഉൽപ്പാദിപ്പിക്കുന്നത്. ലോക സാമ്പത്തിക രംഗത്തുണ്ടാകുന്ന മാന്ദ്യവും ലോകത്തിൽ  ഏറ്റവുമധികം റബ്ബർ വാങ്ങി കൂട്ടുന്ന ചൈനയിൽ റബ്ബറിന്റെ ഡിമാന്റ് കുറഞ്ഞതുമെല്ലാം നമ്മുടെ റബ്ബർ കർഷകരെ ബാധിക്കുകയാണ്. മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ റബ്ബറിന്റെ ഉൽപ്പാദനം വർദ്ധിക്കുന്നു എന്നുള്ളത് നമ്മളെ ബുദ്ധിമുട്ടിലാക്കുകയാണ്. തദ്ദവസരത്തിൽ ഈ പ്രശ്നത്തെ അതീവ ഗൗരവത്തോടെ കാണുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ മറുപടി സത്യത്തിൽ ശ്രീ. വി. എസ്. സുനിൽകുമാർ അല്ല പറയേണ്ടത്. കാർഷിക ആങ്കിളിലല്ല ഇതിനെ കാണേണ്ടത്. റബ്ബർ കൃഷിയാക്കി മാറ്റമെന്നാണ് നമ്മുടെയെല്ലാം ഡിമാന്റ്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഒരു വിഷയമല്ല ഇത്. സംസ്ഥാന ഗവൺമെന്റ് അതീവ ഗൗരവത്തോടെ എടുക്കേണ്ട ഒരു പ്രശ്നമാണിത്. 150 രൂപയായി ഒരു കിലോ റബ്ബറിന്റെ വില നിലനിർത്തിയത്

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന വമ്പിച്ച നേട്ടമായിരുന്നു. അന്നത്തെ ധനകാര്യ മന്ത്രിയായിരുന്ന മാണിസാറിനെ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹം വളരെ ഫലപ്രദമായ നടപടിയുമായിട്ടാണ് മുന്നോട്ട് വന്നത്. ഇന്ന് 113.5 രൂപയായി വില കുറഞ്ഞപ്പോൾ ഈ പദ്ധതി നടത്തിപ്പിലുണ്ടായിരിക്കുന്ന ഗുരുതരമായ പ്രതിസന്ധി മനസ്സിലാക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. ഗവൺമെന്റ് എന്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് മുൻപിൽ ഇക്കാര്യങ്ങൾ അവതരിപ്പിക്കുന്നില്ല? നാഷണൽ ഹൈവേ റബ്ബറൈസ് ചെയ്യാൻ കേന്ദ്ര മന്ത്രി സമ്മതിച്ചു എന്നുപറയുന്നു, അതിന് ആവശ്യമായ പ്രോജക്ടുകൾ സംസ്ഥാനം കൊടുക്കണം. അങ്ങനെ റബ്ബറിന്റെ ഉപയോഗം കൂടുതൽ വ്യാപിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര വിപണിയിലെ റബ്ബറിന്റെ വിലയിടിവുകൂടി കണക്കിലെടുത്തുകൊണ്ട് ഭാവിയിലുണ്ടാകാൻ പോകുന്ന ചലഞ്ചസിനെ കൂടി കണ്ടുകൊണ്ടുള്ള അതിവിപുലമായ പദ്ധതികൾ ആവിഷ്ക്കരിച്ചില്ലെങ്കിൽ റബ്ബർ കർഷകരുടെ സ്ഥിതി അതീവ ഗുരുതരമാകും. കൊക്കോ കർഷകർക്കുണ്ടായ അനുഭവമായിരിക്കും ഇവിടെ കേരളത്തിലെ റബ്ബർ കർഷകർക്കുണ്ടാകാൻ പോകുന്നത്. ഇന്ന് പല കൃഷിയും നിർത്തി റബ്ബറിലേക്ക് മാറിയ സാധാരണ കർഷകർ ധാരാളമുണ്ട്. കൂലിച്ചെലവ് വർദ്ധിക്കുന്നു. റബ്ബറിന്റെ വില താഴോട്ട് പോകുന്നു. ടാപ്പ് ചെയ്യാൻ ആളുകളെ

കിട്ടുന്നില്ല. രാസവളങ്ങളുടെ വില കൂടുന്നു. ഇതുമൂലം റബ്ബർ കർഷകർ വലിയ പ്രതിസന്ധിയിലായിരിക്കുകയാണ്. അതുകൊണ്ട് സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും നയങ്ങൾ തിരുത്തേണ്ടിയിരിക്കുന്നു. സമീപനങ്ങൾ മാറ്റേണ്ടിയിരിക്കുന്നു. കേന്ദ്രത്തിൽ ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റേയും കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റേയും കർഷക ദ്രോഹ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞങ്ങളെകൊണ്ട് കഴിയുന്നത് ഇറങ്ങിപോകാനാണ്. പക്ഷേ, കൃഷി മന്ത്രിയുടെ ഭാഗത്തുനിന്നും വെറും സുനിൽകുമാർ ആയിരുന്നപ്പോഴുള്ള പ്രസംഗം മാത്രം പോര ഇനി മന്ത്രി എന്നുള്ള നിലയ്ക്കുള്ള നടപടികൂടി വേണം. പ്രശ്നങ്ങളുടെ നാനാവശങ്ങളും വിശകലനം ചെയ്ത് വളരെ വിശദമായി അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. എല്ലാവർക്കും വഴങ്ങി ഉത്തരം കൊടുത്തു. പക്ഷേ, തേങ്ങയുടെയും റബ്ബറിന്റെ വില കൂടുന്ന എന്നുള്ള പ്രശ്നത്തിൽ ക്രിയേറ്റീവായിട്ടുള്ള സജഷൻ വന്നിട്ടില്ല. ഇതു കുറച്ചുകൂടി ഗൗരവമുള്ള പ്രശ്നമാണ്. പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും

കൃഷിമന്ത്രിയും ധനകാര്യ മന്ത്രിയും ബാക്കിയുള്ളവരെല്ലാം കൂടി, കേരളത്തെ അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളുടെ കൂട്ടത്തിൽപ്പെടുത്തി കാർഷിക ഉല്പന്നങ്ങൾക്ക് വന്നിട്ടുള്ള പ്രശ്നങ്ങൾ വിലയിരുത്തണം. ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതുപോലെ ഗാട്ടുകരാറിനെക്കുറിച്ചും അന്തർദേശീയ കരാറുകളെക്കുറിച്ചുമൊക്കെ നമുക്ക് പ്രസംഗിക്കാം. പക്ഷേ, അത് പ്രസംഗിക്കാനേ കഴിയുകയുള്ളൂ. അദ്ദേഹം തന്നെ ഇതിനെക്കുറിച്ച് പറഞ്ഞത് പരിമതികളുണ്ടെന്നാണ്. ആ പരിമിതിയെക്കുറിച്ച് പറഞ്ഞുകൊണ്ട് ഇരുന്നാൽ മതിയോ? ഞങ്ങൾ അതല്ല ചെയ്തത്. അന്നത്തെ ധനകാര്യമന്ത്രി പല കാര്യങ്ങളും ചെയ്തെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചു. ഇതിനേക്കാൾ ഗൗരവത്തിൽ ഈ വിഷയം എടുത്തിരുന്നു. പുതിയ ഗവൺമെന്റ് ഇത് ഗൗരവത്തിലെടുക്കണം. കാരണമെന്തെന്നുവച്ചാൽ ഇൻഡ്യയിലുള്ള മുഴുവൻ റബ്ബർ മാനുഫാക്ച്ചേഴ്സിന്റെ മുതലാളിമാർ തന്നെ നിർബന്ധമായി പങ്കെടുക്കണമെന്ന് ശഠിച്ചുകൊണ്ട് ഞങ്ങൾ യോഗം വിളിച്ചു കൂട്ടിയപ്പോൾ ധാരാളം ആളുകൾ വന്നു. നിങ്ങൾ വാങ്ങണമെന്നു പറഞ്ഞ് ഞങ്ങൾ അവരോട് ശഠിച്ചു. വളരെ ഗൗരവത്തോടുകൂടി രണ്ട്-മൂന്ന് യോഗങ്ങൾ നടന്നു. അതിന്റെ യഥാർത്ഥ പോളിസി മേക്കേഴ്സുവന്ന് ആ യോഗത്തിൽ തീരുമാനമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഫോഴ്സ് ചെയ്തിട്ടാണ് അന്ന്

റബ്ബറിന് വില കൂട്ടിയത്. പുതിയ ഗവൺമെന്റായ നിങ്ങൾക്കതിന് കഴിയും. അത് ഗൗരവത്തിലെടുക്കണം. ഗാട്ടുകരാറിനെക്കുറിച്ചും അതിന്റെ പരിമിതികളെക്കുറിച്ചും പറഞ്ഞിരുന്നാൽ പോര ഈ പ്രശ്നം വളരെ ഗൗരവമായി കാണണം. കേരളത്തെ ബാധിക്കുന്ന ഗുരുതരമായ പല പ്രശ്നങ്ങളുണ്ട്. അതിലൊന്നാണ് കാർഷികോല്പന്നങ്ങളുടെ വിലയിടിവ്. വെല്ലുവിളികളെ നേരിടണം. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് കേരളത്തോട് പ്രയോറിറ്റി കാട്ടുമെന്ന യാതൊരു ലക്ഷണവുമില്ല. പ്രോമിസും പ്രസംഗങ്ങളും അതിന്റേതായ രീതിയിൽ നടക്കും. എന്നാൽ നമ്മുടെ കാര്യങ്ങൾ നമ്മൾ നോക്കേണ്ടിവരും. അതുകൊണ്ട് ഈ കാര്യം ഗൗരവത്തിൽ എടുക്കണം. നല്ല വർദ്ധിതവീര്യത്തോടുകൂടി ബഹുമാനപ്പെട്ട മന്ത്രി ഊർജ്ജസ്വലതയും ഓജസുമെല്ലാം കാണിച്ച് ഓടിനടക്കുന്നുണ്ട്. പക്ഷേ, ഈ കാര്യത്തിൽ വിലകൂടണമെന്നുണ്ടെങ്കിൽ നടപടികൾ വേണം. അങ്ങനെയുള്ള നടപടികൾ വേണമെന്നുണ്ടെങ്കിൽ കുറച്ചുകൂടി ഗൗരവത്തോടുകൂടി ഈ വിഷയമെടുത്ത് ഗവൺമെന്റ് തന്നെ എന്തൊക്കെ ചെയ്യണമെന്ന് ആലോചിക്കണം. അങ്ങനെയുള്ള ഒരു ലക്ഷണം കാണുന്നില്ല. വില വീണ്ടും താഴോട്ട് പോകുകയാണ്. ഇപ്പോൾ വന്നുനിൽക്കുന്നത് വളരെ അകടകരമായ സ്ഥിതിയിലാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ

ദിവസം പറഞ്ഞത് ഇത് ഗൗരവത്തോടുകൂടി എടുത്തതുകൊണ്ടാണ് ഈ വിഷയം ചർച്ച ചെയ്യുന്നതിനുവേണ്ടി ഉന്നതതല യോഗം വിളിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്നാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്നത്തെ മറുപടിയിൽ അത് പ്രതിഫലിച്ച് കണ്ടില്ല. ഇത്രയും ഗൗരവമുള്ള പ്രശ്നത്തിനായി രണ്ടു മണിക്കൂർ കളഞ്ഞിരുന്നെങ്കിൽ ബുദ്ധിമുട്ട് ഉണ്ടാകുമായിരുന്നില്ല. ഇനിയും നിയമസഭ ഉണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കൃഷി മന്ത്രിക്കും ധാരാളം അവസരങ്ങളുണ്ട്. ഈ വിഷയം ഗൗരവത്തിലെടുക്കണം. ഏതായാലും ഇപ്പോൾ ചർച്ചയ്ക്ക് എടുക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം സംബന്ധിച്ച് കോൺക്രീറ്റായി എന്തെങ്കിലും പറയണമെന്ന് ഞാൻ സൂചിപ്പിച്ചിരുന്നു. ഇത്രയും ഗുരുതരമായ പ്രശ്നം ഉന്നയിക്കപ്പെട്ടപ്പോൾ അതിനെക്കുറിച്ച് ഒരക്ഷരം പോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നില്ല. ഞങ്ങൾക്ക് ഇതെല്ലാം വളരെ

സങ്കടകരമായ കാര്യമാണ്. ഏഴ് മാസം കുടിശ്ശികയുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത് അപാകതകളെല്ലാം പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഇത് പരിഹരിക്കുമെന്നാണ്. എന്നാണ് ഇത് പരിഹരിക്കപ്പെടുന്നത്. അപാകതകൾ പരിഹരിക്കപ്പെടാതെ എത്രയോ പെൻഷനുകൾ കൊടുക്കുന്നുണ്ട്. അപാകതകളില്ലാത്ത ഏത് സ്കീമാണുള്ളത്. അതുകൊണ്ട് അപാകതകൾ പരിഹരിക്കപ്പെട്ടാൽ ഇതു കൊടുക്കാം എന്നുള്ള നിലയിൽ കൃഷിക്കാരെ ഇട്ട് വലയ്ക്കരുത്. കൃഷിക്കാരോട് നിസ്സംഗതയും അവഗണനയും കാണിക്കുന്ന ഗവൺമെന്റിന്റെ ഈ നടപടിയിൽ പ്രതിഷേധിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം പറയാനുള്ളത് നമുക്ക് ഒരു അഖിലകക്ഷി ഡെലിഗേഷൻ നടത്തി കേന്ദ്രഗവൺമെന്റിനെ പോയി കാണണം. ഇറക്കുമതി അവസാനിപ്പിക്കണം. ഗാട്ട് കാരാറിൽപ്പോലും, 'There is a safety cross, if it affects the economy of a state'. ഗാട്ട് കരാറിൽ ഇറക്കുമതി നിരോധിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇറക്കുമതിയിൽ വളരെ കർശനമായ നിലപാടെടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെ കണ്ട് ഇറക്കുമതി അവസാനിപ്പിച്ച് കൃഷിക്കാർക്കുവേണ്ടി വേണ്ട സഹായം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുള്ള മുൻകയ്യെടുക്കണം. ഇതിൽ ഒരു പ്രതികരണ ശേഷിയുമില്ലാത്ത

ഈ ഗവൺമെന്റിന്റെ നിസ്സംഗതയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, റബ്ബറിന്റെ വിലയിടിവ് വലിയ ഒരു സാമൂഹ്യപ്രശ്നമായി ഇന്ന് മാറുന്നു എന്നുള്ളത് വസ്തുതയാണ്. അതിന്റെ ഉല്പാദന ചെലവ് വളരെ വർദ്ധിച്ചുവരികയാണ്. റബ്ബറിന്റെ വില 200 രൂപയ്ക്ക് മുകളിലേയ്ക്ക് പോയ സന്ദർഭത്തിൽ സ്വാഭാവികമായിട്ടും അതിന്റെ അനുബന്ധ ചെലവുകൾ വർദ്ധിച്ചു. വെട്ടു കൂലി ഉൾപ്പെടെ വർദ്ധിച്ചു. റബ്ബറിന്റെ വിലയിടിഞ്ഞപ്പോൾ സ്വാഭാവികമായും കൂലി കുറയുന്നില്ല എന്നുള്ള ഒരു വിഷയം നിലനിൽക്കുന്നു. എന്നാൽ റബ്ബർ കർഷകരിൽ ഏറെ ഉള്ളത് ചെറുകിട കർഷകരാണ്. ഇവർക്കുണ്ടായിരിക്കുന്ന സാമ്പത്തികമായ പ്രശ്നങ്ങൾ സാമൂഹ്യമായ തലങ്ങളിലേയ്ക്ക് മാറുന്നു എന്ന വസ്തുത കണ്ടില്ല എന്ന് നടിക്കാൻ സാധിക്കുകയില്ല. ഇത്തരത്തിലുള്ള വിഷയങ്ങൾ കണ്ടുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് റബ്ബർ കർഷകർക്ക് 150 രൂപ ഉറപ്പുവരുത്തുവാൻ കഴിയുന്ന നിലയിൽ പദ്ധതി ആവിഷ്കരിച്ചതും അത് ഏറെ സഹായകരമായ രീതിയിൽ മുന്നോട്ടുപോയതും. അതിൽ കുടിശ്ശിക വന്നു

എന്നുള്ളത് ഒരു ഭാഗത്ത് നിൽക്കുന്നു. കർഷക പെൻഷൻ ലഭിക്കുന്നില്ല എന്നുള്ളത് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം കാര്യങ്ങളിൽ വളരെ കൃത്യതയോടുകൂടിയുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കണമെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുവാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. ഇവിടെ കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ സമയത്ത് ശ്രീ. ചിദംബരത്തിന്റെ സമീപനങ്ങളെ വളരെ ശക്തമായി യു.ഡി.എഫ് ഗവൺമെന്റ് എതിർത്തിരുന്നു. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെ യു.ഡി.എഫ്. സംഘത്തോടെ കേന്ദ്രഗവൺമെന്റിനെ കണ്ട് ഈ കാര്യത്തിൽ യു.പി.എ. ഗവൺമെന്റിന്റെ നിലപാട് ശരിയല്ല എന്ന് അറിയിക്കുകയും ചെയ്തതാണ്. അതുകൊണ്ട് അവർ ചെയ്ത കാര്യങ്ങളെ ന്യായീകരിച്ചുകൊണ്ട് പോകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതിന്റെ തുടർച്ചയായിട്ടുതന്നെയാണ് ഇപ്പോൾ ഈ ഗവൺമെന്റ് വന്നപ്പോഴും അത്തരത്തിൽ റബ്ബർ കർഷകരോട് മുഖം തിരിഞ്ഞു നിൽക്കുന്ന ഒരു സമീപനം നിലനിൽക്കുന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നെല്ല് പൂർണ്ണമായും സംഭരിച്ചുവെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നെല്ല് സംഭരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്.

മാധ്യമങ്ങൾ ഉൾപ്പെടെ അത് റിപ്പോർട്ട് ചെയ്തതാണ്. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ മില്ലുകളുമായി ബന്ധപ്പെട്ട വിഷയമായിരിക്കാം. പക്ഷേ, നെല്ല് സംഭരണം വൈകി എന്നുള്ളത് യാഥാർത്ഥ്യമായി നിൽക്കുന്നു. ഇപ്പോൾ ചെറിയ തോതിൽ അതിന്റെ സംഭരണം ആരംഭിച്ചു എന്നുള്ളത് ഒരു ഭാഗത്ത് നിൽക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട ഒരു വിഷയം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നെല്ലിന്റെ സംഭരണവില എന്നൊക്കെ കേന്ദ്ര ഗവൺമെന്റ് വർദ്ധിപ്പിച്ചോ അന്നൊക്കെ സംസ്ഥാന ഗവൺമെന്റും അതിന് ആനുപാതികമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചിട്ട് ഇപ്പോൾ ഏകദേശം മൂന്നു മാസം പിന്നിടുകയാണ്. എന്നാൽ ഇതുവരെ അക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. കർഷക സ്നേഹം സംസാരിക്കുമ്പോൾ അത് എല്ലാ അർത്ഥത്തിലും ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. എന്തായാലും ഈ വിഷയങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. സി. ജോർജ്: സർ, പ്രത്യേക ബ്ലോക്കായി ഇരുന്നവരെല്ലാം ഇക്കാര്യത്തിൽ ഒന്നായി തീർന്നതിൽ സന്തോഷമുണ്ട്. ഈ രാജ്യത്തെ കർഷകരെ ആരാണ് തകർത്തതെന്ന് നിഷ്പക്ഷമായി വിലയിരുത്തട്ടെ. യു.പി.എ. ഗവൺമെന്റിന്റെ കാലത്തല്ലേ ഇതെല്ലാം നടന്നത്? ഗാട്ട് കരാറും ആസിയൻ കരാറും ആരാണ് ഉണ്ടാക്കിയത്? ഇതൊക്കെ തെറ്റാണെന്നും കർഷക വർഗ്ഗത്തെ തകർക്കാൻ വേണ്ടിയുള്ളതാണെന്നും ഞാൻ ഈ സഭയിൽ സംസാരിച്ചിട്ടുള്ളതാണ്. ഇതിനെല്ലാം കൂട്ടുനിന്ന് ഓശാന പാടികൊടുത്ത്, കർഷകപ്രേമം പറഞ്ഞുകൊണ്ട് ചില കക്ഷികൾ ഈ സഭയിൽ വന്നുനടത്തുന്ന പേക്കൂത്തിൽ എനിക്ക് അമർഷമുണ്ട്. ഇത് കോപ്രായമാണെന്ന് പറയാതിരിക്കാൻ പറ്റില്ല. റബ്ബർ വിലയിടിവിനെ, കാർഷിക വിലയിടിവിനെ സംബന്ധിച്ച് ഞാൻ സബ്മിഷൻ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വ്യക്തമായൊരു മറുപടി സഭയിൽ പറഞ്ഞതാണ്. അത് പോര, ഇത് എന്റേതാണ് എന്ന നിലയിൽ ഇന്ന് ഈ കർഷകവഞ്ചകന്മാർ ഒരു പ്രമേയം കൊണ്ടുവരികയും അതിനുശേഷം വാക്ക് ഔട്ട് നടത്തുകയുമാണ് ചെയ്തത്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല വാക്ക് ഔട്ട് നടത്തേണ്ടത് യു.പി.എ. ഗവൺമെന്റിന്റെ തെറ്റായ നടപടിക്കെതിരെയാണ്. ശ്രീ. കെ. എം. മാണി വാക്ക് ഔട്ട് നടത്തേണ്ടത് അദ്ദേഹത്തിന്റെ കാലത്ത്

കർഷകർക്കെതിരെ നടപടികൾ സ്വീകരിച്ച ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റിനെതിരെയാണ്. അതിനുപകരം ഇവിടെ വന്ന് ഈ വ്യത്തികേട് കാണിക്കുന്നത് കർഷകവഞ്ചനയാണ്. അതുകൊണ്ട് കർഷകരെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഞാൻ കേന്ദ്ര ഗവൺമെന്റിന്റെയും യു.പി.എ. ഗവൺമെന്റിന്റെയും ഇപ്പോഴുള്ള എൻ.ഡി.എ. ഗവൺമെന്റിന്റെയും കർഷകവിരുദ്ധ നയത്തെ പ്രതിഷേധിച്ചുകൊണ്ട് വാക്ക് ഔട്ട് നടത്തുകയാണ്.

(എൻ.ഡി.എ. ഗവൺമെന്റിന്റെയും യു.പി.എ. ഗവൺമെന്റിന്റെയും നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. സി. ജോർജ് സഭവിട്ട് പുറത്തുപോയി.)